**"ഭരണഭാഷ മാതൃഭാഷ"**
**കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ : സുധീർ കെ ഐ എ എസ്)**

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം-ഗവണ്മെന്റ് കോളേജ് അദ്ധ്യാപകർ -പൊളിറ്റിക്സ് സയൻസ് വിഭാഗം സ്ഥലം മാറ്റം ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **DCETVM/7106/2024-A4** തിയതി: **07-09-2024**

---

പരാമർശം: **1)14/08/2024**ലെ തിരുവനന്തപുരം ഗവണ്മെന്റ് ലോ കോളേജ് പ്രിൻസിപ്പാളിന്റെ **No.A/30/2024/G.L.C** നമ്പർ കത്ത്
**2)08/08/2024**-പനമ്പള്ളി ഗവ : കോളേജ് ചാലക്കുടിയിലെ പൊളിറ്റിക്സ് പ്രൊഫസ്സർ പ്രശാന്ത് ലാൽ -ടി .എസ് -ന്റെ അപേക്ഷ

**ഉത്തരവ്**

തിരുവനന്തപുരം ലോ കോളേജിൽ നിന്നും പൊളിറ്റിക്കൽ സയൻസ് അധ്യാപികയായ ഡോ . സിനി .എൽ . പൊതുസ്ഥലം മാറ്റം ലഭിച്ച് വിടുതൽ ചെയ്ത് പോയ ഒഴിവിലേക്ക്, പകരം ഒരു അദ്ധ്യാപകനെ നിയമിക്കണമെന്ന് പരാമർശം (1) പ്രകാരം പ്രിൻസിപ്പാൾ ആവശ്യപ്പെട്ടിട്ടുണ്ട്. പരീക്ഷ പേപ്പർ മൂല്യ നിർണയത്തിനും, **NAAC** അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിനും അദ്ധ്യാപകന്റെ സേവനം അത്യാവശ്യമാണ് എന്ന് പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ഗവ . ലോ കോളേജിലെ നിലവിലെ ഒഴിവിലേക്ക് സ്ഥലം മാറ്റം നൽകണമെന്ന് സൂചന (2) പ്രകാരം ശ്രീ . പ്രശാന്ത് .ലാൽ ടി .എസ് അപേക്ഷ നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ അപേക്ഷ പരിഗണിച്ച് താഴെ പറയും പ്രകാരം അദ്ദേഹത്തിന്റെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കപ്പെടുന്ന സ്ഥാപനം |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീ.പ്രശാന്ത് ലാൽ ടി എസ്<br>അസിസ്റ്റന്റ് പ്രൊഫസർ<br>പനമ്പള്ളി ഗവൺമെന്റ് കോളേ<br>ജ് ചാലക്കുടി<br>(അപേക്ഷ) | ഗവണ്മെന്റ് ലോ കോളേജ് തിരു<br>വനന്തപുരം<br>(നിലവിലുള്ള ഒഴിവിൽ) |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകൻ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനത്തിൽ ജോയിൻ ചെയ്യേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപികയെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

Signed by
Sudhir K
Date: 07-09-2024 13:36:44

സുധീർ കെ ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
**0471-2303548**
**dir.colledn@kerala.gov.in**

സ്വീകർത്താവ്

1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2.ബന്ധപ്പെട്ട അദ്ധ്യാപകന്/പ്രിൻസിപ്പാൾമാർക്ക്
3.സി എ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4.അക്കൗണ്ടന്റ് ജനറൽ എ &ഇ എസ് .എച്ച് മൗണ്ട് റോഡ്, നാഗമ്പടം ബ്രാഞ്ച് ഓഫീസ് കോട്ടയം
5. സെക്ഷൻ സൂപ്രണ്ട്
6.കരുതൽ ഫയൽ /നടപ്പ് ഫയൽ